8173
14/8/14

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.പി.എസ്. - ജുവനൈൽ പ്രൊബേഷണർക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 500/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 07.08.2014.

==========================================================================

പരാമർശം:- 1. 09.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.3/17303/14 നമ്പർ കത്ത്.
2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

തിരുവനന്തപുരം ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ജില്ലാ പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച സാമൂഹികാന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 190 കുട്ടികളെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടുകയുണ്ടായി. ഇതിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 125 കുട്ടികൾക്ക് ജീവിത നൈപുണ്യ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജെ.ജെ. പ്രൊബേഷൻ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചു. ആയതിലേയ്ക്കായി 3,28,750/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 125 കുട്ടികൾക്ക് ജീവിത നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള ഭരണാനുമതിയും ഇതിനായി 3,28,750/- രൂപ (മൂന്നു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.